(ബി) താനൂർ നിയോജകമണ്ഡലത്തിൽ 7 ട്രാൻസ്ഫോർമറുകളും തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ 11 ട്രാൻസ്ഫോർമറുകളും സ്ഥാപിക്കുന്നതിന്റെ പണി പുരോഗമിച്ചുവരുന്നുണ്ട്.

(സി) പ്രവൃത്തി ആരംഭിച്ച ജോലികൾ സാധനസാമഗ്രികളുടെ ലഭ്യതയ്ക്കനുസരിച്ച് ഈ സാമ്പത്തികവർഷം തന്നെ പൂർത്തിയാക്കാൻ ശ്രമിച്ചുവരുന്നു. ബാക്കി ജോലികൾ ടാർജറ്റിനും സാധനസാമഗ്രികളുടെ ലഭ്യതയ്ക്കും വിധേയമായി എത്രയുംവേഗം പൂർത്തിയാക്കുന്നതാണ്.

74 (1923) കൊടുവള്ളി നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം

ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിലെ രൂക്ഷമായ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ ഏതൊക്കെ പ്രദേശങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി ഓരോ പ്രദേശത്തും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) ഇത് എന്നത്തേയ്ക്കു പൂർത്തിയാകുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) കൊടുവള്ളി മണ്ഡലത്തിലെ കാരൂർ പഞ്ചായത്തിൽ സബ് സ്റ്റേഷൻ സ്ഥാപിക്കുന്ന പദ്ധതി ഏതു ഘട്ടത്തിലാണ്;

(ഇ) കൊടുവള്ളി സെക്ഷൻ മേജർ സെക്ഷനായി ഉയർത്തുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മുക്കിടങ്ങാട്, കച്ചേരിമുക്ക്, വട്ടപ്പാറ കൊയിൽ, കണിയംപൊയിൽ എന്നീ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ട്.

(ബി) മുക്കിടങ്ങാട്, കച്ചേരിമുക്ക് എന്നീ പ്രദേശങ്ങളിലെ പണികൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. മറ്റു രണ്ടു പ്രദേശങ്ങളിലെ പണികൾ ആരംഭിച്ചുകഴിഞ്ഞു.

(സി) ഈ സാമ്പത്തിക വർഷംതന്നെ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) കാനൂർ പഞ്ചായത്തിൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്.

(ഇ) സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള വൈദ്യുതി നയപ്രകാരമുള്ള പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്കേ പുതിയ ഓഫീസുകളുടെ രൂപീകരണം സംബന്ധിച്ച തീരുമാനം എടുക്കുകയുള്ളൂ.

75 (1924) വോൾട്ടേജ് ക്ഷാമം

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly